# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.3291- 14/07/2015 – ലെ മറുപടിക്ക്**

## പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ** | **ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ 2013-14 വർഷത്തെ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; | പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിലേയ്ക്കായി ഭരണാനുമതി നൽകേണ്ട പദ്ധതികൾക്ക് സമയബന്ധിതമായി യഥാസമയം ഭരണാനുമതി നൽകുന്നതിനും വർഷാന്ത്യത്തിൽ പദ്ധതി ചെലവ് അധികരിക്കുന്നത് തടയുന്നതിന് പാദാടിസ്ഥാനത്തിൽ ലക്ഷ്യം കൈവരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് 'പ്ലാൻ സ്പേസ്' സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുകയുണ്ടായിട്ടുണ്ടോ; | നടപ്പിലാക്കിയിട്ടുണ്ട് |
| (സി) 2015-16 ലെ പദ്ധതികളുടെ രൂപകല്പന 2015 മെയ് 31 ന് മുമ്പായി എല്ലാ വകുപ്പുകളിലും പൂർത്തിയാക്കി യിട്ടുണ്ടോ; പൂർത്തിയാക്കാത്ത വകുപ്പുകൾ ഏതൊക്കെ; | പൂർത്തിയാക്കിയിട്ടുണ്ട് |
| (ഡി) പദ്ധതി നിർവ്വഹണത്തിൽ വിദഗ്ദ്ധ പരിശീലനം എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ടോ; | IIITMK, IKM മുതലായ സ്ഥാപനങ്ങൾ വഴി ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണ പരിശീലനം ഘട്ടം ഘട്ടമായി നൽകിവരുന്നു. |

| | |
|---|---|
| (ഇ) ഓരോ പദ്ധതികളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; ഇത് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ; നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ പേരുകൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | എല്ലാ വകുപ്പുകളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (എഫ്) പദ്ധതി നടപ്പാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ എതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി; കാര്യക്ഷമത പ്രകടിപ്പിച്ച എത്ര പേർക്ക് പ്രത്യേക അംഗീകാരം നൽകുകയുണ്ടായി? | കുറ്റകരമായ വീഴ്ച വരുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വകുപ്പുകൾക്ക് അവാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ട്. |

[signature]

അക്കൗണ്ട്സ് ഓഫീസർ